നമ്മുടെ നാലാം TB മീറ്റ് യുവജനോത്സവത്തിന്റെ ചാരുതയാർന്ന് കൊട്ടിക്കയറി രണ്ടാം ദിനം അതിന്റെ അവസാനനിമിഷങ്ങളിൽ ചടുലതാളങ്ങളുടെ പദസഞ്ചലനങ്ങളിലൂടെ കത്തിക്കയറുകയായിരുന്നു.
ഇനി കോട്ടയത്ത് കാണാമെന്ന ശുഭപ്രതീക്ഷകളുമായി മടങ്ങി നാമേവരും.

കോട്ടയം കളിയരങ്ങിന് ഉണർവേകുവാൻ പുതുവർഷത്തിലെ ആദ്യദളവുമായി

ഈയാഴ്ചയിൽ
ദളം 253

കോഴിക്കോട്ട് വെട്ടിത്തിളങ്ങിയ റോക്സ്റ്റാർ,

അമൃത നരേന്ദ്രനാഥ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
റീജിയൻ 3,
റീജിയണൽ ഓഫീസ്,
കിഴക്കേകോട്ട, തൃശൂർ

സ്വയാർജിത കഴിവുകളെ ഉൾക്കൊണ്ട് സ്വയം പരിപോഷിപ്പിച്ച് വ്യക്തിമുദ്രകൾ പതിപ്പിച്ചു മുന്നേറുന്ന അമൃതയുടെ ജീവിതവീക്ഷണങ്ങളിൽ അനന്യമായ തിളക്കം ദർശിക്കാം.

1992 മാർച്ച് 12ന് കോഴിക്കോട്ട് ജനനം. പിതാവ്, പരേതനായ പി.നരേന്ദ്രനാഥ് ബിസിനസ്സ്കാരനായിരുന്നു. മാതാവ്, ശ്രീമതി കെ.എം.മാധുരി അദ്ധ്യാപികയും. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. ഏക സഹോദരൻ ശ്രീനാഥ് (മെക്കാനിക്കൽ എഞ്ചിനീയർ) ബംഗളൂരിൽ താമസം.

കോഴിക്കോട് ചേവായുർ പ്രസന്റേഷൻ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന കാലത്ത് സ്കൂൾ ഫെസ്റ്റുകളിൽ ശ്രദ്ധ വച്ചു. ക്വിസ്സിലും ഉപന്യാസങ്ങളിലും അത് ലറ്റിക്സിലും തിളങ്ങി, ഹൗസ് ക്യാപ്റ്റനായി. നൃത്തവിഭാഗത്തിൽ ഗ്രൂപ്പിനങ്ങളിലൂടെ ചുവടുകൾ പഠിച്ചു, സംഘനൃത്തങ്ങളിൽ തിളങ്ങി.

അമ്മയുടെ തണലിൽ വളർന്ന കുട്ടിക്ക് അദ്ധ്യാപകരുടെ സ്നേഹാശിസ്സുകളേറെയായിരുന്നു- അദ്ധ്യാപകരെ ഉള്ളറിഞ്ഞ് സേവിക്കുവാൻ തനിക്ക് കഴിയുന്നു എന്ന ആത്മബോധമാണ് ബാങ്ക് ജോലിയോടുള്ള തന്റെ ഇഴയടുപ്പം- അഭിമാനപൂർവ്വം അമൃതയുടെ വാക്കുകൾ.

കോഴിക്കോട് പ്രോവിഡൻസ് വിമൻസ് കോളേജിലായിരുന്നു ബിരുദപഠനം.
ഫിസിക്സിൽ ബിരുദം നേടി. പ്രശസ്തമായ ഈ കലാലയത്തിൽ നിന്ന് വ്യക്തിത്വവികാസത്തിനവസരം ഏറെ ലഭിച്ചു.
സ്റ്റേജിനങ്ങളിൽ കൂടുതൽ അടുപ്പവും സംഘാടനവൈഭവും ഇക്കാലത്ത് നേടി. ഇന്ററർ കോളേജിയേറ്റ് ക്വിസ് മത്സരങ്ങളിൽ വിജയിയായും സെമിനാറുകളുടെ ഭാഗമായും ഡിപ്പാർട്ട്മെന്റ് റെപ്രസെന്ററേറ്റീവായും വൈവിദ്യമാർന്ന കലാലയപരിപാടികളുടെ സംഘാടന നേതൃത്വമേറ്റെടുക്കുവാൻ അവസരം കിട്ടി- നൃത്തപരിപാടികളുടെ ഭാഗമായി ആർജിച്ച സംഘബോധം തന്ററെ ജീവിതയാത്രയിലെ തിളങ്ങുന്ന ഏടായി മനസ്സിലേറ്റുന്നു, അമൃത. അവിടെ പഠനം തുടരണമെന്ന അദ്ധ്യാപകരുടെ സ്നേഹാഭ്യർത്ഥനകൾഒരു വശത്ത്; സാമ്പത്തിക സ്വാശ്രയത്തം കൈവരിക്കണമെന്ന കഠിനമായ ആഗ്രഹം മറുവശത്ത്- ആദ്യമായി ഒരു തൊഴിലവസരം ഇതിനിടയിൽ കൈവരികയും ചെയ്തു- ടീ.സി. എസ്സിൽ ഗ്രാഡ്വേറ്റ് ട്രെയിനി, ചെന്നൈയിൽ.
ഒരു കൊല്ലത്തിൽ താഴെ മാത്രമെ അവിടെയുണ്ടായിരുന്നുള്ളുവെങ്കിലും, മെന്ററർ ശ്രീ അശോക് പോലുള്ള പരിശീലകരിൽ നിന്ന് ലഭിച്ച പാഠങ്ങൾ വിലപ്പെട്ടതായി അമൃത മനസ്സിലേറ്റുന്നു.
ഈ കാലത്ത് തന്ററെ സർഗ്ഗവൈഭങ്ങളിലും പുതുതരംഗങ്ങളലയടിച്ചു- സംഭാഷണം തുടരുന്നു.

വീട്ടിലെ സമ്മർദ്ധങ്ങളും സാമ്പത്തിക സുസ്ഥിരതയിലുള്ള അഭികാമ്യവും ഒത്തുചേർന്നപ്പോൾ എഴുതിയ സ്റ്റേറ്റ് ബാങ്ക് റിക്രൂട്ട്മെന്റ് ടെസ്റ്റ് ഇതിനിടയിൽ ഫലം കണ്ടു. 2013 മാർച്ചിൽ SBT യിൽ നിയമനം ലഭിച്ചു നാട്ടിൽ തന്നെ പോസ്റ്റിംഗ് കിട്ടി ബാങ്കറായി മാറുകയായിരുന്നു.

രണ്ടായിരത്തി അഞ്ഞൂറോളം പേർ ഒരുമിച്ചു നിയമിക്കപ്പെട്ട ഒരു മെഗാബാച്ചിന്ററെ ഭാഗമായതിന്ററെ സന്തോഷവും അമൃത പങ്കുവെയ്ക്കുന്നു. (ആ ബാച്ചിന്ററെ സംഘബോധം തുടിക്കുന്ന ഒത്തൊരുമയെപ്പറ്റി പറയാനേറെയുണ്ട്)

SBT കൊണ്ടോട്ടി ബ്രാഞ്ചിലെ ആദ്യനിയമനം കൊണ്ടെത്തിച്ചത് വരണമാല്യത്തിലേക്കുകൂടിയായിരുന്നു.

അവിടെ രണ്ടുവർഷം മുന്നേ ആദ്യനിയമനം ലഭിച്ച ശ്രീരാജ്- തനിക്ക് വേണ്ടി കാത്തിരുന്നതു പോലെ- ശ്രീരാജ് തരോൾ എന്ന സംഘാടകനും കലാപ്രേമിയുമായ ബാങ്കർ തന്ററെ ജീവിതസഖാവായി മാറുകയായിരുന്നു.

പിന്നീട് മോങ്ങം ബ്രാഞ്ച് , അവിടെ നിന്ന് 2015 ൽ മാവൂർ റോഡ്

ബ്രാഞ്ചിലെത്തി.

അഞ്ചുവർഷക്കാലത്തെ മാവൂർ റോഡ് കാലമാണ് തന്റെ കോളേജ് കാലം കഴിഞ്ഞുള്ള സർഗ്ഗവൈഭവങ്ങളുടെ തിളക്കമാർന്ന രണ്ടാം ഘട്ടം- വിവിധബാങ്കുകളുടെ സാംസ്കാരിക കൂട്ടായ്മയായ കോഴിക്കോട് 'നവതരംഗ'ത്തിലൂടെ പുതുസരണികൾ കണ്ടെത്താൻ കഴിഞ്ഞു. ബാങ്കത്തലോൺ എന്ന സ്പോർട്സ്മീറ്റ് ഓർഗെെനസ് ചെയ്യാനും അതിനെ പ്രൊമോട്ട് ചെയ്യാനും വിന്നറാകുവാനും കഴിഞ്ഞു. അതിന്റെ മൂന്ന് സീസണുകളിൽ പങ്കെടുക്കുകയും സഹബാങ്കർമാരെ പങ്കെടുപ്പിക്കുകയും ചെയ്തു.

ബാങ്ക് മെർജർ കഴിഞ്ഞുള്ള കാലത്ത് 2019 ലെ 'സർഗോത്സവ'ത്തിൽ പങ്കെടുത്ത് വെസ്റ്റേൺ ഡാൻസിൽ ഒന്നാം റണ്ണറപ്പായി.

ഇതിനിടയിലാണ് ടാലന്റഡ് ബാങ്കേഴ്സുമായി അടുക്കുന്നതും അതിലെ പോസ്റ്റുകളുടെ സൂക്ഷ്മനിരീക്ഷകയുമാകുന്നത്.
കഴിഞ്ഞ ടീ ബി മീറ്റ് കോഴിക്കോടെത്തിയപ്പോൾ അതിൽ പങ്കെടുക്കാനും വിവിധ ബാങ്കുകളിലെ പ്രതിഭകളുടെ കൂടെ നൃത്തത്തിന്റെ ഭാഗമാകുവാനും കഴിഞ്ഞു.

ടീബിയുടെ മുൻകാലദളങ്ങളായ ഋഷിയും അനീഷുമൊത്തുള്ള വെസ്റ്റേൺ ഡാൻസ് ഇനങ്ങൾ, മമിതയും സംഘവുമവതരിപ്പിച്ച മെഗാതിരുവാതിര, രജിതയും സംഘവുമൊത്തുള്ള നൃത്തങ്ങൾ, ജെസ്സിൽ, ശരത് തുടങ്ങിയ വിവിധ ബാങ്കുകളിലെ നർത്തകർ അവതരിപ്പിച്ച ഡാൻസ് നമ്പറുകൾ ഏതിലും അമൃത തിളങ്ങി.
സ്റ്റേജിൽ യുവതരംഗങ്ങളുടെ സമ്മോഹന നിമിഷങ്ങൾ പകർന്ന വർണ്ണക്കാഴ്ചകളിൽ അമൃതവർഷം പോലെ ടീബി മീറ്റ് കൊടിയിറങ്ങി.

'ഇതളുകൾ''

2013 ൽ SBT യിലെത്തിച്ചേർന്ന രണ്ടായിരത്തി അഞ്ഞൂറ് നവബാങ്കർമാരുടെ കൂട്ടായ്മ സംഘടിപ്പിച്ച് സമൂഹനന്മക്കായി സമർപ്പണത്തോടെ നില്ക്കുക എന്നൊരു ആശയം അമൃത അവതരിപ്പിച്ചു.
ഏവരും ഏറ്റെടുത്തു ഫലിപ്പിച്ച സർഗ്ഗാത്മകകൂട്ടായ്മയായ ''ഇതളുകൾ'' വിടർന്നു.

അതേക്കുറിച്ച് അമൃതയുടെ ബാച്ച്മേറ്റ്സും ടീബി മുൻ ദളങ്ങളുമായ ഗായത്രീ അജിത്, വിജയ് നായർ എന്നിവർ അയച്ചു തന്ന സന്ദേശങ്ങൾ വിലപ്പെട്ടതാകുന്നു-
''ചരിത്രമെഴുതിയ ഈ മെഗാബാച്ചിന് ഒരു കൂട്ടായ്മയും, അത് രൂപപ്പെടുന്നതിന്റെ സ്വപ്നങ്ങളുമൊക്കെ അമൃതയുടെ

ആശയങ്ങളായിരുന്നു.അത് വിടർന്ന് വരവെ ഞങ്ങൾ അതിനെ ''ഇതളുകൾ'' എന്ന് പേരിട്ടു. കുറേപ്പർ കാലക്രമേണ കൊഴിഞ്ഞു പോയെങ്കിലും ഇപ്പോൾ ആയിരത്തി
നാനൂറുപേർ ഇതളുകളിൽ സജീവമാണ്.
പത്താം വർഷം റീയൂണിയൻ സംഘടിപ്പിച്ച് ഞങ്ങളാഘോഷമാക്കി 2023 ൽ'' - (ഗായത്രി അജിത് )

''ജനകീയമാവാനും അതേ സമയം കാര്യക്ഷമമാവാനും ഉള്ള കഴിവ് വളരെ ചുരുക്കം വ്യക്തികൾക്ക് മാത്രം ലഭിച്ചിട്ടുള്ള അനുഗ്രഹമാണ്. അമൃത അത്തരത്തിൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ള ഒരാളാണെന്ന് നിസ്സംശയം പറയാം. കളങ്കമില്ലാത്ത സൗഹൃദം കൊണ്ട്, കാര്യക്ഷമത കൊണ്ട്, ആത്മസമർപ്പണം കൊണ്ട് അമൃത നമ്മെ അത്ഭുതപ്പെടുത്തുന്നു. സദസ്സുകൾ കയ്യടക്കുന്ന കലാകാരിയായും നമുക്ക് മുന്നിൽ അവതരിക്കുന്നു''- (വിജയ് നായർ)

'ഒരേമനസ്സുള്ള ആയിരങ്ങളെ ഒരുമിച്ചു കൂട്ടുന്ന ത്രില്ലും അവരുടെ നൂറുശതമാനം തികഞ്ഞ അർപ്പണബോധവും കൂടിയായാൽ എന്താണ് സാദ്ധ്യമാകാത്തത്! രേശ്മ, വൃന്ദ, അജേദ്, ശ്രീരാജ്, ബിജൊ, നയൻതാര, വിഷ്ണു, ..അങ്ങനെ ആയിരങ്ങളുടെ ചേർത്തുപിടിക്കലിന്റെ 'ഇതളുകൾ' ഹൃദയത്തുടുപ്പാകുന്നു, ഞങ്ങൾക്ക്'- അമൃതയും ചേർന്നു ഞങ്ങളുടെ സംഭാഷണത്തിൽ.

മാവൂർ റോഡ് ബ്രാഞ്ചിൽ നിന്ന് പെരുമണ്ണ, വീണ്ടും മാവൂർ റോഡ്, അവിടെ നിന്ന് കോഴിക്കോട് കല്ലായിയിലെത്തി പ്രൊമോഷനായി ഇപ്പോൾ SBI ഗുരുവായൂർ റീജിയൺ കൈകാര്യം ചെയ്യുന്ന തൃശൂർ റീജിയൺ ത്രീ റീജിയണൽ ഓഫീസിൽ അസിസ്റ്റന്റ് മാനേജർ ആയി പ്രവർത്തിക്കുന്നു. ശ്രീരാജ് തരോൾ, തിരുവന്നൂർ ബ്രാഞ്ചിലും.

അദ്രിനാഥ് എന്ന
മൂന്നാംക്ലാസ്സുകാരൻ മകൻ സർഗ്ഗവൈഭവങ്ങളാൽ അനുഗ്രഹീതൻ.
ഗായകൻ, നർത്തകൻ, ഡിജിറ്റൽ പെയിന്റർ,
ഇങ്ങനെ വിവിധ രീതിയിൽ ശ്രദ്ധനേടിയ കുഞ്ഞ്, പൂച്ചട്ടി ഭവൻസിൽ പഠിക്കുന്നു.
അമൃതയുടെ ഇൻസ്റ്റഗ്രാം പേജായ
Ardrinath.in സർഗ്ഗഭാവങ്ങളുടെ സുന്ദരമൂഹൂർത്തങ്ങളാൽ സമ്പന്നമാണ്. സെൽഫികളുടെ സീരീസ് കാണാം. മാനവികതയുടെ തെളിമയാർന്ന ഭാവങ്ങളാകുന്നു, അവയെല്ലാം.

മകന് താൻ ''ഷീറോ'' ആണെന്ന ആത്മഹർഷങ്ങളുതിർക്കുന്ന ഫോട്ടോഗ്രാഫുകളിലെ ജീവിതദർശനം മഹത്തരമാകുന്നു.

അമൃത നരേന്ദ്രനാഥിനും കുടുംബാംഗങ്ങൾക്കും
നവവത്സരാശംസകളോടെ ഈ ദളം സമർപ്പിക്കുന്നു.

-------------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-------------------------------------------------------------------------------------------------

Our 4th TB meet unfurled with a bang being a festival of the youth, imbibing enchant , which towards the end of the second day further gained impeccable momentum with it's fast-paced rhythms.

We retreated from the well-worn path with hopes that the saga would be replicated in Kottayam.

This week, let's acquaint you with the 253 rd talented banker who with her electrifying performance set the stage on fire at the TB meet at Kozhikode and hence can aptly set the pace for the most awaited and wished- for event scheduled to be held in Kottayam.

Amrita Narendranath
State Bank of India
Region 3,
Regional Office,
East Fort,Thrissur.

Amrita's outlook for life luminesces when it finds it's way ahead portraying deep seated mindfulness of her self driven skills and nurturing them to the best of her abilities, leaving indelible imprints all way along.

Amrita was born on March 12, 1992 in Kozhikode. Her father, late P. Narendranath was a businessman and mother, Mrs. K. M. Madhuri, a teacher who now leads a peaceful retired life. Her only brother Sreenath who is a Mechanical Engineer by profession resides in Bangalore.

While being a student at Presentation Higher Secondary School, Chevayur, Kozhikode,Amrita used to take part in school fests.Quizzes, essay competitions,athletics and dance moves gave in before her determination which facilitated excelling in everything she ventured into.

As a child, Amrita grew up, cared for in the safe haven of the love of her mother and teachers.That she can serve the teachers instills unconfined confidence in her to maintain her affability to work.

Amrita graduated in Physics from Providence Women's College, Kozhikode.Apart from the opportunities she had for personal development,she could inculcate better organizing skills during those days. Winning at inter-collegiate quiz competitions, participating in seminars and being department representative opened up new avenues which in turn added to the skills she acquired. Being a part of group dance performances developed a sort of participatory consciousness which she perceives as a remarkable achievement in her stride of life.

Amrita chose her desire to achieve financial independence over the exhortations of her teachers to continue her studies there. She seized a job opportunity which came across and joined T.C.S as a graduate Trainee, in Chennai.
In a span of less than a year,she learned a lot from her coaches in the organization including her mentor Sri Ashok. She focussed more on creative pursuits also during that time.

Meanwhile, she took the State Bank recruitment test and In March 2013, she got appointed in the Kondotti branch of SBT,located in her home town.

Sreeraj Tharol,who got his first appointment there two years ago; an organizer and art-lover became her life partner.

Amrita later got transferred to Mongam Branch and then to Mavoor Road Branch in 2015.

Her five years' tenure at Mavoor Road branch was the second brightest phase of her life after her college days.

Amrita got an opportunity to be a part of ' Navatharangam'-a cultural ensemble of various banks.Further, she organized the sports meet-Bankathalon and turned out to be a winner in the event as well. She participated in three seasons of the sports meet and motivated others too to ensure their participation.

After merger of the bank, she made her appearance in 'Sargotsava' in the year 2018 and became the first runner-up in Western Dance.

Meanwhile she started keenly paying attention to the posts in TB Facebook page and she participated in the TB Meet at Kozhikode, where she performed dance alongside the talents of different banks.

Her performances; western dance with Rishi and Aneesh, Thiruvathira with Mamitha and team, Dance numbers with Jessil and Sharath etc stood out for it's excellence. TB meet was characterized by the spectacular moments of performance by miscellany of talented youth.

In 2013, Amrita trail blazed an idea to organize the 2500 new bankers who got recruited together to SBT, for the betterment of the society. Thats how 'Ithalukal' took it's shape and form.

The messages sent by Amrita's batchmates and Talented Bankers Gayathri Ajith and Vijay Nair are shared herewith.

It was Amrita's idea to create a mega batch which we named 'Ithalukal'.
Many have left the group over time but still there are 1400 people active members which keeps it alive. We celebrated the 10th year reunion in 2023" - (Gayathri Ajith)

"The ability to be famed and efficient at the same time is a blessing that only a few individuals have been endowed with and Amrita is one such person. Amrita amazes us with her pristine friendliness, efficiency and dedication. She is an exemplary artist who can captivate the audience"- (Vijay Nair).

Nothing is impossible when the thrill of bringing together thousands of like-minded people is coupled with one hundred percent dedication! Reshma, Vrinda, Ajvedh, Sreeraj,Bijo, Nayanthara, Vishnu ; the intertwined efforts of all together makes the group move ahead.

Amrita worked in Mavoor Road, Perumanna, and Kallai branches and is now working as Assistant Manager in Thrissur Region three Regional Office which handles SBI Guruvayur Region. Sreeraj Tharol works in Thiruvannur branch.

Their son Adrinath, who is in third grade in Bhavans is a singer,dancer and a digital painter and his talents are being showcased in Amrita's Instagram page- Ardrinath.in.

A series of selfies can be seen in the page which are evident expressions of humanity. It feels great to go through the photographs which depict that Amrita is a 'shero' to his son.

Talented bankers community extends Happy New year wishes to Amrita Narendranath and her family.